(ബി) നബാർഡിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകൾ 31-3-2000-ൽ സംശയാസ്പദവും നഷ്ടത്തിലായതും മൂന്ന് വർഷത്തിലധികമായി കുടിശ്ശികയായതുമായ വായ്പകൾക്കും റിസർവ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി അർബൻ സഹകരണ ബാങ്കുകളിൽ 31-3-2001 വരെ കുടിശ്ശികയായ എല്ലാത്തരം വായ്പകൾക്കും, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/സഹകരണ കാർഷിക വികസന ബാങ്കുകൾ എന്നിവയിൽ 31-3-2002 വരെ കുടിശ്ശികയായ വായ്പകൾക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ബാധകമാക്കിയിട്ടുണ്ട്.

കർഷകർക്ക് വായ്പകൾ തിരിച്ചടയ്ക്കാൻ കൂടുതൽ സാവകാശം നൽകുന്നതിനുള്ള നടപടി

139 [1278] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉല്പന്നങ്ങളുടെ മുൻകാലത്തുണ്ടായിരുന്ന ഭീമമായ വിലയിടിവ് നിമിത്തം കേരളത്തിലെ കർഷകർ കടക്കെണിയിലായിരുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കർഷകർക്ക് വായ്പകൾ തിരിച്ചടയ്ക്കാൻ കൂടുതൽ സാവകാശം നൽകുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ, അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കർഷകർക്ക് വായ്പ തിരിച്ചടയ്ക്കുന്നതിന് പിഴപ്പലിശ, അനാമത്ത് ചെലവ് എന്നിവ പൂർണ്ണമായും ഒഴിവാക്കുകയും പലിശയിളവും സാവകാശവും നൽകുന്നതിനോടൊപ്പം കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസം) ആക്ട് പ്രകാരം 6 മാസത്തെ പലിശയിളവും നൽകിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങളിൽനിന്നും കാർഷികാവശ്യത്തിന് എടുത്ത് കുടിശ്ശികയായ വായ്പകളിൽ ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് കടപ്പുറത്ത് ഫിഷ്‌ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് നടപടി

140 [1279] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് കടപ്പുറത്ത് ഫിഷ്‌ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ആവശ്യത്തിനുള്ള പ്രദേശം ഏതെങ്കിലും സ്വകാര്യ വ്യക്തികൾ കയ്യേറിയതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വ്യക്തികളെ ഒഴിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്. മുഴപ്പിലങ്ങാട് തറി എന്ന സ്ഥലത്ത് മത്സ്യബന്ധന കേന്ദ്രം നിർമ്മിക്കുന്നതിനുള്ള 30 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്.

(ഡി) മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്തിൽ മത്സ്യബന്ധന കേന്ദ്രം നിർമ്മിക്കുവാൻ നിശ്ചയിച്ചിരുന്ന സ്ഥലം ചില സ്വകാര്യ വ്യക്തികൾ കയ്യേറി ഷെഡുകൾ നിർമ്മിച്ചതായി പരാതി ലഭിച്ചതനുസരിച്ച് ടി ഷെഡുകൾ പൊളിച്ചു മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്കും റവന്യൂ അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊച്ചി സഹകരണ മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണം

141 [1280] ശ്രീ. പി. ജെ. ജോയി:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. എ. പി. അനിൽകുമാർ:
,, എൻ. ഡി. അപ്പച്ചൻ:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണ വേളയിൽ എത്ര പ്രാവശ്യം അത് തകർന്നിട്ടുണ്ട്;

(ബി) ഓരോ പ്രാവശ്യവും തകരുവാനുള്ള കാരണമെന്ത്;

(സി) അതുമൂലം എന്തു നഷ്ടമുണ്ടായിട്ടുണ്ട്; ഈ കെട്ടിടത്തിന്റെ പണി നടത്തുന്ന കോൺട്രാക്ടർ ആരാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെട്ടിടങ്ങളൊന്നും തകർന്നിട്ടില്ല. എന്നാൽ രണ്ടുപ്രാവശ്യം കോൺക്രീറ്റ് ചെയ്ത ചെറിയ സ്ലാബുകൾ ഉറയ്ക്കുന്നതിന്മുമ്പ് വീണുപോയിട്ടുണ്ട്.

(ബി) ആദ്യത്തെ പ്രാവശ്യം കോൺക്രീറ്റ് താങ്ങുന്ന തട്ടിന്റെ തൂണുകൾ അട്ടിമറിച്ചതായി സംശയിക്കുന്നു. രണ്ടാമത് തട്ടിന് താങ്ങായി നിന്ന തൂണുകളിൽ നാലെണ്ണത്തിന്റെ ആണികൾ ഇളക്കി മാറ്റിയതായി കണ്ടു.

(സി) സഹകരണ മെഡിക്കൽ കോളേജിന് നഷ്ടമൊന്നുമുണ്ടായിട്ടില്ല. കെട്ടിട നിർമ്മാണത്തിന്റെ കോൺട്രാക്ടർ, ശില്പി കൺസ്ട്രക്ഷൻ, എറണാകുളം ആണ്.

LIBRARY ARCHIVES Kerala Legislative Assembly